(Pages : 4) **L – 3017**

Reg. No. : ............................

Name : .................................

**Second Semester B.A. Degree Examination, May 2021**

**First Degree Programme under CSS**

**SDE**

**Malayalam : Language, Culture and Literature**

**Core Course II**

**ML 1241 : നാടകം : ചരിത്രം, പാഠം, പ്രയോഗം**

**(2017 admission onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. 'നാടകദർശനം' എഴുതിയതാര് ?

2. സി.ജെ. തോമസിന്റെ നാടകചിന്തകളുടെ സമാഹാരം ഏത് ?

3. 'അവനവൻ കടമ്പ' ഏതു നാടകവിഭാഗത്തിൽപ്പെടുന്നു ?

4. കെ.പി.എ.സി. യുടെ പൂർണ്ണരൂപമെന്ത് ?

5. 'മറക്കുടയ്ക്കുള്ളിലെ മഹാനരക'ത്തിന്റെ കർത്താവാര് ?

6. മലയാളസംഗീതനാടകങ്ങളിൽ ആദ്യത്തേത്:

7. തൗര്യത്രികം എന്നാലെന്ത് ?

P.T.O.

gcwcentrallibrary.in

8. നാട്യശാസ്ത്രത്തിൽ, ഭരതമുനി അഭിനയത്തെ വിഭജിച്ചിരിക്കുന്നതെങ്ങനെ ?

9. ഇടശ്ശേരി എഴുതിയ നാടകം ഏത് ?

10. കുറിയേടത്തുതാത്രിയെ കേന്ദ്രകഥാപാത്രമാക്കി 'ഓരോരോ കാലത്തിലും' എന്ന നാടകം രചിച്ചതാര് ?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിനുത്തരമെഴുതുക.**

11. ലോകധർമ്മി എന്നാലെന്ത് ?

12. 'അങ്ങയുടെ സംസാരം എനിക്കു സംഗീതമാണ്. പക്ഷേ ഞാനതിൽ ദഹിക്കുന്നു.' ആരുടെ വാക്കുകൾ ? സാഹചര്യമെന്ത് ?

13. 'നീ നാറയുമല്ല, പീറയുമല്ല. ആരു പറഞ്ഞു ഈ അപഖ്യാതി ?' - സന്ദർഭവും ആശയവും വിശദമാക്കുക.

14. മാണിക്യന്റെ കഷ്ടതയെല്ലാം പമ്പകടന്നതെപ്പോൾ ?

15. 'ഞങ്ങൾ ജീവന്റെ കക്ഷിക്കാരാണ്' - വിവക്ഷിതമെന്ത് ?

16. 'കടലുമറന്ന് കടലിന്റെ മക്കൾക്ക് ജീവിക്കാനൊക്കുമോ?' - ഈ ചോദ്യമുയർത്തുന്ന യാഥാർത്ഥ്യമെന്ത് ?

17. 'റാണി രാജാവല്ല, റാണി സ്ത്രീയാണ്' - ഈ പ്രസ്താവനയുടെ ആന്തരാർത്ഥമെന്ത് ?

18. 'ആശ്ചര്യചൂഡാമണി' എന്ന പേരിന്റെ ഔചിത്യം വെളിവാക്കുക.

19. 'അവസ്ഥ മാറുമ്പോൾ ദുർബ്ബലനും ബലവാനായിത്തീരും' - സൂചിതമെന്ത് ?

gcwcentrallibrary.in

20. 'ബന്ധുരാംഗ ! മുറിവുള്ള മേനിമേൽ
ചന്തമോ മുളകരച്ചു തേപ്പതും?'
- ആരുടെ വാക്കുകൾ ? സാരമെന്ത് ?

21. 'അന്തർജ്ജനങ്ങൾ പണിയെടുക്കണം. അടിമകളായിട്ടല്ല, സ്വതന്ത്രമായിട്ട് - തികച്ചും സ്വതന്ത്രമായിട്ട്' - ഈ പ്രഖ്യാപനം മുന്നോട്ടു വയ്ക്കുന്ന ആശയമെന്ത് ?

22. 'നീ ചോദിച്ചു അല്ലേ' - ലക്ഷ്മിയമ്മയിൽ നിന്ന് ഈ ചോദ്യമുയർന്നതെന്തുകൊണ്ട് ?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.**

23. 'സ്വാതന്ത്ര്യം പുരുഷന്മാരടേം അടിമത്തം സ്ത്രീകളടേം കുത്തകയാണല്ലേ' - ഈ ചോദ്യം വിരൽ ചൂണ്ടുന്ന സാമൂഹികാവസ്ഥയെന്ത് ?

24. മറിയാമ്മ നാടകത്തിന്റെ സാമൂഹികപ്രസക്തിയെന്ത് ?

25. രാമൻ ശിഷ്ടനല്ല എന്നു രാവണൻ സ്ഥാപിക്കുന്നതെങ്ങനെ ?

26. ആശ്ചര്യചൂഡാമണിയിലെ അംഗിയായ രസം ഏതാണ് ?

27. കാഞ്ചനസീതയിലെ ഊർമ്മിള എന്ന കഥാപാത്രത്തെ വിലയിരുത്തുക.

28. മത്സ്യഗന്ധി എന്ന നാടകത്തിന്റെ കാലികപ്രസക്തിയെന്ത് ?

29. മലയാളത്തിലെ തനതുനാടകവേദിയുടെ സവിശേഷതകൾ 'ദൈവത്താറി'നെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

30. കേരളത്തിലെ രാഷ്ട്രീയനാടകങ്ങൾ അഭിസംബോധന ചെയ്ത പ്രധാന പ്രശ്നമെന്ത് ?

31. മലയാളത്തിലെ ആദ്യകാലനാടകവിവർത്തനങ്ങൾ പരിചയപ്പെടുത്തുക.

**(6 × 4 = 24 Marks)**

gcwcentrallibrary.in

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിനുത്തരമെഴുതുക.

32. കേരളത്തിലെ സ്ത്രീനാടകവേദിയുടെ ചരിത്രവഴികൾ രേഖപ്പെടുത്തുക.

33. മലയാളനാടകചരിത്രത്തിൽ സി.വി. രാമൻപിള്ളയുടെ പ്രാധാന്യമെന്ത് ?

34. 'മലയാളത്തിലെ ഏറ്റവും ശക്തിയുള്ള ദുരന്തനാടകമാണ് ആ മനുഷ്യൻ നീ തന്നെ' - വിലയിരുത്തുക.

35. നവോത്ഥാനകേരളത്തിന്റെ സൃഷ്ടിയിൽ നാടകങ്ങൾ വഹിച്ച പങ്കെന്ത് ?

**(2 × 15 = 30 Marks)**

gcwcentrallibrary.in